06/DGE /HSE /NSS /2022

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
നാഷണൽ സർവ്വീസ് സ്കീം,
(ഹയർ സെക്കൻ്ററി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം.
04712323023
dhsensskerala@gmail.com

തീയതി : 17/ 01 / 2022

# സർക്കുലർ

കേരള സംസ്ഥാനത്ത്, കോവിഡ് വ്യാപനം അതിരൂക്ഷം ആകുന്നതിന്റെ പശ്ചാത്തലത്തിൽ 18/01/ 2022 തിങ്കളാഴ്ച്ച മുതൽ 26 /01/ 2022 ബുധനാഴ്ച്ച വരെയുള്ള പത്ത് ദിവസങ്ങൾ ഹയർസെക്കൻഡറി നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാർ കോവിഡ് പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്. ഹയർ സെക്കൻ്ററി നാഷണൽ സർവ്വീസ് സ്കീം വിജയകരമായി നടപ്പാക്കി വരുന്ന കോവിഡ് പ്രതിരോധ ബോധവൽക്കരണ പദ്ധതിയായ 'തുടരണം ജാഗ്രത' യുടെ ഭാഗമായാണ്, പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്.

## ലക്ഷ്യങ്ങൾ

1. സംസ്ഥാനത്ത് കോവിഡ് വ്യാപനം അതിരൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ഒന്നര ലക്ഷത്തോളം വരുന്ന ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാരുടെ മനുഷ്യ വിഭവശേഷി ഉപയോഗപ്പെടുത്തിക്കൊണ്ട് ഫല പ്രദമായ കോവിഡ് പ്രതിരോധ ബോധവത്കരണം സംഘടിപ്പിയ്ക്കുക.
2. സാനിറ്റൈസേഷൻ, മാസ്ക് ധരിയ്ക്കൽ, ശാരീരിക അകലം പാലിയ്ക്കൽ ഇവയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക.
3. ഗവൺമെന്റ്, ആരോഗ്യ വകുപ്പിന്റെയും നിർദ്ദേശങ്ങളും അടിയന്തര പ്രാധാനത്തോടെയും കാലവിളംബം വരുത്താതെയും ജനങ്ങളിലേക്കെത്തിയ്ക്കുക.
4. വാക്സിനേഷൻ പ്രോത്സാഹിപ്പിയ്ക്കുന്നതിനാവശ്യമായ പ്രചരണവും, പിന്തുണയും നൽകുക.

## പ്രവർത്തനങ്ങൾ

1. എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പുമായിച്ചേർന്നുവേണം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ
2. ഓരോ ജില്ലയിലും, പ്രവർത്തനങ്ങളുടെ ഫലപ്രദമായ ഏകോപനത്തിനും നടപ്പാക്കലിനുമായി ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ജില്ലാ

കൺവീനർ, പി.എ.സി അംഗങ്ങൾ , പ്രോഗ്രാം ഓഫീസർമാർ, വോളന്റിയർമാർ എന്നിവരടങ്ങിയ ഒരു സമിതി രൂപീകരിയ്ക്കാം. (ഓൺലൈൻ കൂടിയിരിപ്പ് മതിയാകും.)

3. കോവിഡ് അതിരൂക്ഷ വ്യാപനവുമായി ബന്ധപ്പെട്ട് സംജാതമായിരിക്കുന്ന സാഹചര്യത്തിന്റെ ഗുരുതരാവസ്ഥ ബോധ്യമാകും വിധത്തിലുള്ള 5 പോസ്റ്ററുകൾ, ഒരോ വോളന്റിയറും തയാറാക്കി പൊതു ഇടങ്ങളിൽ പതിപ്പിക്കണം

4. കോവിഡ് പ്രതിരോധ ബോധവത്കരണ സന്ദേശങ്ങളടങ്ങിയ ചെറു വീഡിയോകൾ (ജന പ്രതിനിധികൾ, പ്രമുഖ വ്യക്തികൾ, വോളന്റിയർമാർ , പൊതു ജനം ) ജില്ലാ തലത്തിൽ തയാറാക്കുകയും അത് സമൂഹത്തിലെ പരമാവധി ആളുകളിലേക്കെത്തിക്കുകയും ചെയ്യണം

5. ജില്ലാതല കമ്മിറ്റിയുടെ മേൽനോട്ടത്തിൽ, കോവിഡ് പ്രതിരോധ ബോധവത്കരണ ഡിജിറ്റൽ ഫ്ലയറുകളും , ട്രോളുകളും തയാറാക്കുകയും അത് പരമാവധി ജനങ്ങളിലേക്കെത്തിയ്ക്കുകയും വേണം

6. ജില്ലാതല കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് ഓരോ ഹയർ സെക്കന്ററി യൂണിറ്റും അതിന്റെ ഫേസ്ബുക്ക് അക്കൗണ്ട് വഴി കോവിഡ് പ്രതിരോധ ബോധവത്കരണ ലൈവുകൾ സംഘടിപ്പിക്കണം.

7. മാസ്കുകൾ തയാറാക്കി വിതരണം ചെയ്യാം

8. സാനിറ്റൈസർ ഡിസ്പെൻസിംഗ് കിയോസ്കുകൾ പൊതു ഇടങ്ങളിൽ സ്ഥാപിയ്ക്കാം

9. ദത്ത് ഗ്രാമത്തിലെ ജനങ്ങൾക്ക് വേണ്ടി ഓൺലൈൻ കോവിഡ് ബോധവത്കരണ പരിപാടികൾ സംഘടിപ്പിയ്ക്കാം.

10. പ്രാദേശിക ചാനലുകൾ, എഫ് എം റേഡിയോ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെയുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിയ്ക്കണം.

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോ - ഓർഡിനേറ്റർ